8. മുട്ടുകൈ-മുക്ക് വലക്കുന്ന് റോഡ്- 3/200 കി.മീ.

9. കുറവിലങ്ങാട് ലിങ്ക് റോഡ്

(ഇ) ഇതു സംബന്ധിച്ച നടപടികൾ പുരോഗമിച്ചു വരുന്നു.

മൊയ്തു പാലവും ധർമ്മടം പാലവും പുതുക്കിപ്പണിയാൻ നടപടി

182 (3059) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ എൻ. എച്ച്.17-ൽ മൊയ്തു പാലവും ധർമ്മടം പാലവും അപകടാവസ്ഥയിലായത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ ;

(സി) മൊയ്തു പാലവും ധർമ്മടം പാലവും പുതുക്കിപ്പണിയാൻ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പാലങ്ങൾ 1994-95, 1997-98 എന്നീ വർഷങ്ങളിൽ അത്യാവശ്യ അറ്റകുറ്റപണികൾ നടത്തി സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. കൂടാതെ മൊയ്തു പാലത്തിന്റെ അത്യാവശ്യപണികൾക്കായി 10.15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കേന്ദ്ര ഉപരിതലഗതാഗത വകുപ്പിന് അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്.

(സി) തലശ്ശേരി മാഹി ബൈപാസിൽ ഉൾപ്പെടുത്തി മൊയ്തു പാലത്തിനു പകരം അഞ്ചരകണ്ടി പാലവും കൂടാതെ ധർമ്മടം പാലവും പണിയാനുള്ള 29.80 കോടി രൂപയുടെ എസ്റ്റിമേറ്റ് കേന്ദ്ര ഉപരിതല മന്ത്രാലയത്തിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് റവന്യൂ ടവറിന്റെ പണി

183 (3060) ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര റവന്യൂ ടവറിന്റെ പണിയാണ് നടന്നുകൊണ്ടിരിക്കുന്നത് ;

(ബി) എത്ര റവന്യൂ ടവറുകൾ നിർമ്മിക്കണമെന്നായിരുന്നു കഴിഞ്ഞ ഗവൺമെന്റ് തീരുമാനം എടുത്തിരുന്നത് ; ആയത് എവിടെ എല്ലാമായിരുന്നു ;

(സി) മുൻ ഗവൺമെന്റിന്റെ കാലത്ത് എവിടെയെല്ലാം ശിലാസ്ഥാപനം നടത്തിയിരുന്നു ;

(ഡി) മുൻ ഗവൺമെന്റ് തീരുമാനമെടുത്തിരുന്നതും ശിലാസ്ഥാപനം നടത്തിയതുമായ റവന്യൂ ടവറുകളുടെ നിർമ്മാണം വേണ്ടന്ന് വെയ്ക്കാനുണ്ടായ കാരണങ്ങൾ വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) റവന്യൂ ടവറുകൾ പണിയുന്നതിനുള്ള ഫണ്ട് എവിടെ നിന്നാണ് ലഭിക്കുന്നത് ;

(എഫ്) സംസ്ഥാന ബജറ്റിൽ നിന്നോ, ഭവന നിർമ്മാണ വകുപ്പിൽനിന്നോ, സാമ്പത്തിക മുതൽ മുടക്ക് റവന്യൂ ടവർ നിർമ്മാണത്തിനുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ റവന്യൂ ടവറിന് എന്തു തുക വീതം മുടക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ നെടുമങ്ങാട്, അടൂർ, തിരുവല്ല, ചങ്ങനാശ്ശേരി, കോതമംഗലം, എറണാകുളം എന്നീ ആറ് റവന്യൂ ടവറുകളുടെ പണികളാണ് നടന്നു വരുന്നത്.

(ബി) ഒന്നാം ഘട്ടത്തിൽ 9 ഉം രണ്ടാം ഘട്ടത്തിൽ 26 ഉം റവന്യൂ ടവറുകളാണ് പണിയുവാൻ തീരുമാനിച്ചിരുന്നത്. ഒന്നാം ഘട്ടത്തിൽ തോപ്പും പടി (എറണാകുളം), തിരുവനന്തപുരം, നെടുമങ്ങാട്, അടൂർ, തിരുവല്ല, ചങ്ങനാശ്ശേരി, കോതമംഗലം, എറണാകുളം, തൊടുപുഴ എന്നിവിടങ്ങളിലും രണ്ടാം ഘട്ടത്തിൽ ചിറയിൻകീഴ്, കൊല്ലം, റാന്നി, കൊട്ടാരക്കര, മല്ലപ്പള്ളി, ചേർത്തല, കാഞ്ഞിരപ്പള്ളി, കാർത്തികപ്പള്ളി, കോട്ടയം, ഉടുമ്പൻചോല, ആലുവ, വടക്കൻപറവൂർ, ചിറ്റൂർ, ആലത്തൂർ, കണ്ണൂർ, മഞ്ചേരി, മാനന്തവാടി, ചാവക്കാട്, കുന്നത്തുനാട്, വടക്കാഞ്ചേരി, പെരിന്തൽമണ്ണ, കോഴിക്കോട്, വൈത്തിരി, തളിപ്പറമ്പ്, കാസർകോട്, ഹോസ്ദുർഗ്ഗ് എന്നിവിടങ്ങളിലുമാണ് റവന്യൂ ടവറുകൾ പണിയുവാൻ തീരുമാനിച്ചിരുന്നത്.

(സി) മുൻ ഗവൺമെന്റിന്റെ കാലത്ത് നെടുമങ്ങാട്, അടൂർ, തിരുവല്ല, ചങ്ങനാശ്ശേരി, തൊടുപുഴ, കോതമംഗലം, എറണാകുളം, റാന്നി, മല്ലപ്പള്ളി, ഹോസ്ദുർഗ്ഗ്, മാനന്തവാടി, തളിപ്പറമ്പ്, ചാവക്കാട്, കാഞ്ഞിരപ്പള്ളി എന്നീ റവന്യൂ ടവറുകൾക്കായി ശിലാസ്ഥാപനം നടത്തിയിരുന്നു.

(ഡി) തിരുവനന്തപുരത്തും തോപ്പുംപടിയിലും സ്ഥലം ലഭ്യമാകാതിരുന്നതിനാൽ പണി തുടങ്ങുവാനായില്ല. തൊടുപുഴ ടവറിന്റെ പണി തുടങ്ങിയെങ്കിലും സാങ്കേതിക കാരണങ്ങളാൽ തുടരുവാൻ സാധിച്ചില്ല. റവന്യൂ ടവറുകളുടെ നിർമ്മാണം സംബന്ധിച്ച സാമ്പത്തിക റിപ്പോർട്ട് പരിശോധിച്ചപ്പോൾ ടവറുകളുടെ നിർമ്മാണം മൂലം ബോർഡിനുണ്ടാകാവുന്ന കനത്ത സാമ്പത്തിക ബാദ്ധ്യത കണക്കിലെടുത്ത് പണിതുടങ്ങിയിട്ടില്ലാത്ത സ്ഥലങ്ങളിൽ മേലിൽ പണി തുടങ്ങേണ്ടതില്ലെന്നും തൊടുപുഴയിൽ റവന്യൂ ടവറിന്റെ പണി തുടരേണ്ടതില്ലെന്നും സർക്കാർ തീരുമാനിച്ചു.

(ഇ) റവന്യൂ ടവറുകളുടെ നിർമ്മാണത്തിന് ഹഡ്കോയിൽ നിന്നാണ് ഫണ്ട് വായ്പയായി ലഭിക്കുന്നത്.

(എഫ്) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly